IST : Wednesday, 27 June 2007, 07:36:



അമേരിക്ക

## ബ്രിട്ടീഷ് കൊളംബിയ കേരളാ അസ്സോസിയേഷന് സ്വർണ്ണ മെഡൽ

ഡോ. എ.പി. സുകുമാർ



വർഷം തോറും ബ്രിട്ടീഷ് കൊളംബിയയിൽ നടത്തിവരുന്ന കമ്മ്യൂണിറ്റി ആൻഡ് ഫാമിലി മേളയിൽ കേരളാ കൾച്ചറൽ അസ്സോസിയേഷൻെറ ഖഇഅആഇ ''ഗ്ലിം പ്സെസ് ഓഫ് കേരളാ'' ഫ്ലോട്ടിന് സ്വർണ്ണമെഡലും ട്രോഫിയും കിട്ടി. ഏറ്റവും ആകർഷകമായി അണിയിച്ചൊരുക്കിയ കേരളത്തനിമയുള്ള ഈ ഫ്ലോട്ട് ഈ നാട്ടുകാർക്ക് ഒരു അൽഭുത ദൃശ്യമായിരുന്നു. ഇതിനു മുൻപ് പഞ്ചാബിൽ നിന്നുള്ള ഇൻഡ്യൻ പ്രവാസികളെ മാത്രമേ ഇവിടെയുള്ളവർ ഇത്തരം പരിപാടികളിൽ കണ്ടിട്ടുള്ളു. തനി കേരളരീതിയിൽ കെട്ടുവള്ളത്തിൻെറ

India Missions Abroad
Pravasi Bharatiya Divas -2007
Pin Code Finder
Telephone Directory
Overseas Citizenship of India (OCI)
PIO Card Notification
Indian Citizenship
Educational Opportunities in India
Flight Timings

ആകൃതിയിലുള്ള ഫ്ലോട്ടിൽ തലപ്പൊലി, മുത്തുക്കുട, ഓട്ടംതുള്ളൽ, മോഹിനിയാട്ടം, മാർഗ്ഗം കളി, മഹബലി, കളരിപ്പയറ്റ്, ഹിന്ദു കൃസ്ത്യൻ മുസ്ലിം വധൂ വരന്മാർ തുടങ്ങിയ വേഷങ്ങളും ഉണ്ടായിരുന്നു. കൂടാതെ കേരളത്തെപ്പറ്റിയുള്ള പോസ്റ്റർ പ്രദർശനവും ജനങ്ങളെ ആകർഷിച്ചു. സെറ്റുമുണ്ടുടുത്ത സ്ത്രീകളും മുണ്ടുടുത്ത പുരുഷന്മാരും ഒരു പുതുമതന്നെയായിരുന്നു. രണ്ടു മണിക്കൂർ നീണ്ടു നിന്ന സംസ്കാരിക ജാഥയിൽ ഇരുന്നൂറോളം മലയാളികൾ പങ്കെടുത്തു. നീണ്ട കയ്യടിയോടെയാണ് കേരളാ ഫ്ലോട്ട് സ്വീകരിക്കപ്പെട്ടത്. അസ്സോസിയേഷൻ പ്രസിഡൻറ് വിശ്വനാഥൻ കളത്തിൽ ട്രോഫിയും മെഡലും ഏറ്റുവാങ്ങി.



വർഷം തോറും ബ്രിട്ടീഷ് കൊളംബിയയിൽ നടത്തിവരുന്ന കമ്മ്യൂണിറ്റി ആൻഡ് ഫാമിലി മേളയിൽ കേരളാ കൾച്ചറൽ അസ്സോസിയേഷൻെറ ഖഇഅആഇ ‘‘ഗ്ലിം പ്ലെസ് ഓഫ് കേരളാ’’ ഫ്ലോട്ടിന് സ്വർണ്ണമെഡലും ട്രോഫിയും കിട്ടി. ഏറ്റവും ആകർഷകമായി അണിയിച്ചൊരുക്കിയ കേരളത്തനിമയുള്ള ഈ ഫ്ലോട്ട് ഈ നാട്ടുകാർക്ക് ഒരു അൽഭുത ദൃശ്യമായിരുന്നു. ഇതിനു മുൻപ് പഞ്ചാബിൽ നിന്നുള്ള ഇൻഡ്യൻ പ്രവാസികളെ മാത്രമേ ഇവിടെയുള്ളവർ ഇത്തരം പരിപാടികളിൽ കണ്ടിട്ടുള്ളു. തനി കേരളരീതിയിൽ കെട്ടുവള്ളത്തിൻെറ ആകൃതിയിലുള്ള ഫ്ലോട്ടിൽ തലപ്പൊലി, മുത്തുക്കുട, ഓട്ടംതുള്ളൽ, മോഹിനിയാട്ടം, മാർഗ്ഗം കളി, മഹബലി, കളരിപ്പയറ്റ്, ഹിന്ദു കൃസ്ത്യൻ മുസ്ലിം വധൂ വരന്മാർ തുടങ്ങിയ



വേഷങ്ങളും ഉണ്ടായിരുന്നു. കൂടാതെ കേരളത്തെപ്പറ്റിയുള്ള പോസ്റ്റർ പ്രദർശനവും ജനങ്ങളെ ആകർഷിച്ചു. സെറ്റുമുണ്ടുടുത്ത സ്ത്രീകളും മുണ്ടുടുത്ത പുരുഷന്മാരും ഒരു പുതുമതന്നെയായിരുന്നു. രണ്ടു മണിക്കൂർ നീണ്ടു നിന്ന സംസ്കാരിക ജാഥയിൽ ഇരുന്നൂറോളം മലയാളികൾ പങ്കെടുത്തു. നീണ്ട കയ്യടിയോടെയാണ് കേരളാ ഫ്ലോട്ട് സ്വീകരിക്കപ്പെട്ടത്. അസ്സോസിയേഷൻ പ്രസിഡൻറ് വിശ്വനാഥൻ കളത്തിൽ ട്രോഫിയും മെഡലും ഏറ്റുവാങ്ങി.



സ്ഥലം എം പി. സൂഖ് ധാലിവാൾ, എം എൽ എ ഗൈ ജെൻറ്റർ, കൗൺസിലർ തെരേസ ടൗൺസ്ലി, എന്നിവർ ജാഥ നയിച്ചു. ലയൺസ് ക്ലബ്ബിൻെറ ഫാമിലി ഡേ ആഘോഷങ്ങളോടനുബന്ധിച്ചാണ് ഈ മേള നടന്നത്.അൻപതോളം സാംസ്കാരിക സംഘടനകളാണ് ഇത്തവണ മൽസരത്തിനുണ്ടായിരുന്നത്. കഴിഞ്ഞ വർഷം കേരളാ അസ്സോസിയേഷൻ നടത്തിയ ''ഗ്ലിംപ്സ് ഓഫ് കേരളാ'' പ്രദർശനത്തിനും നല്ല സ്വീകരണം കിട്ടിയിരുന്നു. ബ്രിട്ടീഷ് കൊളംബിയ ഗവർമെൻറിൻെറ പ്രത്യേക ഗ്രാൻറും ലള്ലദധള്ല ഈ വർഷം നേടിയിരുന്നു.

## 'മോഹൻലാൽ ഷോ-2007' ചിക്കാഗോയുടെ ടിക്കറ്റ് വിൽപനയുടെ കിക്ക് ഓഫ് നടത്തി

ജോയിച്ചൻ പുതുക്കുളം